**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6411 08.11.2016 – ൽ മറുപടിയ്ക്ക്

**ബാലഭിക്ഷാടനം**

ചോദ്യം
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ.എൽദോ എബ്രഹാം

ഉത്തരം
ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലഭിക്ഷാടനം നിരോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മദ്രാസ് പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട് 1945, ട്രാവൻകൂർ പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ് ആക്ട് 1120, കൊച്ചിൻ വേഗ്രൻസി ആക്ട് 1120 എന്നീ നിയമങ്ങൾ പ്രകാരം ഭിക്ഷാടനം ക്രിമിനൽ കുറ്റകരമായി കണക്കാക്കുന്നു. ഇതിൽ ബാലഭിക്ഷാടനം ഉൾപ്പെടും. ജൂവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2015 ലെ സെക്ഷൻ 76(1) പ്രകാരം കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നത് കുറ്റകരമാണ്. ഈ കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർക്ക് 5 വർഷം വരെയുള്ള തടവ് ശിക്ഷയും ഒരു ലക്ഷം രൂപയും പിഴയും ചുമത്താവുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ നിരത്തുകളിൽ ബാലഭിക്ഷാടകരെ മുറിവുകളും, ഒടിവുകളുമായി കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അവ ഭിക്ഷാടന മാഫിയകളിൽ ഉൾപ്പെട്ടവർ, സഹതാപം ജനിപ്പിക്കുന്നതിനായി മനപ്പൂർവ്വം ഉണ്ടാക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ | (ബി) | ഉണ്ട്. സംസ്ഥാനത്ത് ബാലഭിക്ഷാടനത്തിന്റെ നിരക്ക് വളരെ കുറവാണ്. ഒടിവുകളും ചതവുകളുമായി ബാലഭിക്ഷാടത്തിന് ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന കുട്ടികളെ പോലീസ്/ചൈൽഡ് ലൈൻ/ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ എന്നിവരുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | ഇക്കാര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ബന്ധപ്പെട്ട ജില്ലകളിലെ ചൈൽഡ് വെൽഫെയർകമ്മിറ്റി മുൻപാകെ ഹാജരാക്കുകയും അവരുടെ പുന:രധിവാസം ഉറപ്പുവരുത്തുകയും, അന്യസംസ്ഥാനക്കാരായ കുട്ടികളെ അവരുടെ സംസ്ഥാനത്തേയ്ക്ക് തിരിച്ചയയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനം ബാലഭിക്ഷാടന വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഐ.സി.പി. എസ്-ന്റെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | സംശയകരമായ രീതിയിൽ കുട്ടികളുമായി അലയുന്ന ഭിക്ഷാടകരെ നിയന്ത്രിക്കുന്നതിനും, അവരുടെ ഒപ്പമുള്ള കുട്ടികൾ അവരുടെ സ്വന്തം മക്കൾ തന്നെയെന്ന് ഉറപ്പ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സംശയാസ്പദമായ രീതിയിൽ കുട്ടികളുമായി അലയുന്ന ഭിക്ഷാടകരെ കണ്ടെത്തുകയാണെങ്കിൽ അത്തരത്തിലുള്ളവരെ പിടികൂടി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഹാജരാക്കുന്നു. ഈ അവസരത്തിൽ ഭിക്ഷാടകരോടൊപ്പം ഉണ്ടായിരുന്ന കുട്ടികൾ അവരുടെ സ്വന്തം മക്കൾ തന്നെയാണോ എന്ന് ഉറപ്പുവരുത്തുവാൻ സാധിയ്ക്കും. അങ്ങനെ കണ്ടുപിടിയ്ക്കപ്പെടുന്ന കുട്ടികളെ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ സഹായത്തോടെ അതാത് ജില്ലയിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻപാകെ ഹാജരാക്കി ആവശ്യമായ പുന:രധിവാസ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.